Phone : 0483-2643070
9496793270

വൈദ്യരത്നം പി. എസ്.വാരിയർ ആയുർവേദ കോളേജ് ഹോസ്പിറ്റൽ
കോട്ടക്കൽ , പി. ഒ എടരിക്കോട് - 676 501, മലപ്പുറം - ജില്ല, കേരളം

---

ഫയൽ നം എ 1-558/2019/3 തിയ്യതി :- 08/04/2019

<u>ക്വട്ടേഷൻ നോട്ടീസ്</u>

വൈദ്യരത്നം പി. എസ്.വാരിയർ ആയുർവേദ കോളേജ് ആശുപത്രിയിലെ താഴെ പറയുന്ന സാധനങ്ങൾ ഒരു വർഷത്തേക്ക് വാങ്ങാൻ തയ്യാറുള്ളവരിൽ നിന്ന് മുദ്ര വച്ച ക്വട്ടേഷൻ ക്ഷണിക്കുന്നു.

1. കാലിക്കുപ്പികൾ (പ്ലാസ്റ്റിക്) -നിരക്ക്/ 1 കിലോ
2. ചട്ടപ്പെട്ടികൾ - നിരക്ക്/1 കിലോ
3. കാലിച്ചാക്ക് - നിരക്ക്/1 കിലോ
4. കഷായമരുന്ന് പ്ലാസ്റ്റിക് കവറുകൾ -നിരക്ക്/ 1 കിലോ

<u>നിബന്ധനകൾ</u>

1. മുദ്ര വെച്ച ദർഘാസുകൾ 30.04.2019 ന് ഉച്ചയ്ക്ക് 2.30 മണിവരെ സ്വീകരിക്കുന്നതാണ്.
2. മുദ്ര വെച്ച ദർഘാസ് അടങ്ങിയ കവറിനു പുറത്ത് ആയുർവേദ കോളേജ് ആശുപത്രിയിലെ കാലിക്കുപ്പികൾ, ചട്ടപെട്ടികൾ എന്നിവയുടെ വിൽപനയ്ക്കുള്ള ദർഘാസ് എന്ന് എഴുതിയിരിക്കണം.
3. ദർഘാസുകൾ 30.04.2019 വൈകുന്നേരം 3 ന് ഹാജരുള്ള ദർഘാസുകാരുടേയോ അവർ അധികാരപ്പെടുത്തിയ പ്രതിനിധികളുടെയോ മുമ്പാകെ വെച്ച് തുറക്കുന്നതും കൂടുതൽ സാധനങ്ങൾക്ക് കൂടുതൽ തുക കാണിച്ചവരുടെ പേരിൽ ദർഘാസ് ഉറപ്പിക്കുന്നതുമായിരിക്കും.
4. സാധനങ്ങൾ ഓരോന്നും എന്തു വിലയ്ക്ക് എടുക്കുവാൻ തയ്യാറാണെന്ന് ദർഘാസിൽ കാണിച്ചിരിക്കണം.
5. ദർഘാസ് കാലാവധി ദർഘാസ് ഉറപ്പിച്ച തിയ്യതി മുതൽ ഒരു വർഷത്തേക്ക് ആയിരിക്കും
6. ദർഘാസ് കാലാവധിയിൽ ആവശ്യപ്പെടുന്ന സമയത്ത് സാധനങ്ങളുടെ വില അടച്ച് സാധനങ്ങൾ കൊണ്ടുപോകേണ്ടതാണ്.
7. സ്ഥിരപ്പെടുത്തിയ ദർഘാസുകാരൻ കോളേജ് ആശുപത്രിയിൽ നിന്നും സാധനങ്ങൾ നേരിൽ വന്ന് വാങ്ങേണ്ടതും, ഓഫീസ് അധികൃതരുടെ

സാന്നിധ്യത്തിൽ തൂക്കം കണക്കാക്കേണ്ടതും, ആയതിന്റെ വില ആശുപത്രി ഓഫീസിൽ അടച്ചതിന്റെ രശീതി കാണിച്ച് ആശുപത്രിയിൽ നിന്നും സാധനങ്ങൾ കൊണ്ടുപോകേണ്ടതുമാണ്.

8. സാധനങ്ങൾ പ്രവർത്തിസമയങ്ങളിൽ ആശുപത്രി സൂപ്രണ്ടിന്റെ മേൽനോട്ടത്തിൽ പരിശോധിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾ ആശുപത്രി ഓഫീസിൽ അന്വേഷിച്ചാൽ അറിയാവുന്നതാണ്.
9. ദർഘാസ് സ്വീകരിക്കുന്നതിനും തള്ളുന്നതിനുമുള്ള പരിപൂർണ്ണ അധികാരം വൈദ്യരത്നം പി.എസ്.വാരിയർ ആയുർവേദ കോളേജ് ആശുപത്രി സൂപ്രണ്ടിൽ നിക്ഷിപ്തമായിരിക്കും.

സൂപ്രണ്ട്.

To നോട്ടീസ് ബോർഡ്
വിപിഎസ് വി ആയുർവേദ കോളേജ് ആശുപത്രി /കെ എ എസ് ആർ എസ് / വിപിഎസ് വി ആയുർവേദ കോളേജ്
വില്ലേജ് ഓഫീസ്,കോട്ടക്കൽ /പഞ്ചായത്ത് ഓഫീസ്, എടരിക്കോട് /മുൻസിപ്പൽ ഓഫീസ്,കോട്ടക്കൽ